## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1570 04/12/2015-ൽ മറുപടിയ്ക്ക്

### ആലപ്പുഴ നഗരസഭയുടെ മുറിവാടക നിരക്ക്

| ചോദ്യം<br>ശ്രീ.സി.കെ സദാശിവൻ | | മറുപടി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആലപ്പുഴ നഗര ചത്വരത്തിന് സമീപമുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന നീലിമ കോളേജിന് എത്ര മുറികളാണ് നൽകിയിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) | 5 മുറികൾ (റൂം നമ്പർ 9,10,11,12,13) |
| (ബി) | ഇതു സംബന്ധിച്ച് നഗരസഭയിൽ എത്ര തുകയാണ് വാടകയിനത്തിൽ ലഭിക്കുന്നത്; വിശദമാക്കുമോ; | (ബി) | 5 മുറികൾക്കും കൂടി വാടക 4,535/-രൂപ |
| (സി) | പ്രസ്തുത സ്ഥാപനവും, നഗരസഭയും ഇതിൽ എന്നാണ് കരാറിൽ ഏർപ്പെട്ടത്; കരാറിന്റെ കോപ്പി ലഭ്യമാക്കുമോ; | (സി) | ടി സ്ഥാപനവുമായി അവസാനമായി കരാർ ഉടമ്പടിയിലേർപ്പെട്ടത് 2007-08 കാലയളവിലാണ്. കരാർ സംബന്ധിച്ച രേഖകൾ ശേഖരിച്ച് നൽകുന്നതാണ്. ടി സ്ഥാപനവുമായി കരാർ പുതുക്കുന്നതിന് കൗൺസിൽ 03.10.2015-ലെ 11-ാം നമ്പർ ആയി തീരുമാനം എടുത്തിട്ടുണ്ട്. |
| (ഡി) | ആലപ്പുഴ ബീച്ചിനോടനുബന്ധിച്ചുള്ള റിക്രിയേഷൻ ഗ്രൗണ്ടിന് സമീപത്തെ നഗരസഭയുടെ കെട്ടിടത്തിൽ ഇപ്പോൾ ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതാണെന്നും അവരുമായുള്ള കരാറിന്റെ വിശദാംശവും, കാലാവധിയും പ്രത്യേകം വ്യക്തമാക്കുമോ? | (ഡി) | ഇപ്പോൾ ഇന്ത്യൻ കോഫി ഹൗസ് പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനവുമായി കരാർ ഏതു കാലയളവു വരെ വെച്ചു എന്നുള്ളതിനുള്ള രേഖകൾ ശേഖരിച്ച് നൽകുന്നതാണ്. ടി സ്ഥാപനവുമായി കരാർ പുതുക്കുന്നതിന് 03.10.2015 ലെ 11-ാം നമ്പർ പ്രകാരം കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ